ചെങ്കുളം	- 3 X 12 മെ.വാ.
പന്നിയാർ	- 2 X 15 മെ.വാ.
നേര്യമംഗലം	- 3 X 15 മെ.വാ.
ഇടുക്കി	- 6 X 130 മെ.വാ.
ശബരിഗിരി	- 6 X 50 മെ.വാ.
കല്ലട	- 2 X 7.5 മെ.വാ.
പേപ്പാറ	- 1 X 3 മെ.വാ.
ലോവർ പെരിയാർ	- 3 X 60 മെ.വാ.
കക്കാട്	- 2 X 25 മെ.വാ.

(ജി) താഴെപ്പറയുന്ന ജനറേറ്ററുകൾ അറ്റകുറ്റപ്പണികൾക്കായി നിറുത്തി വെച്ചിരിക്കുകയാണ്.

1) പള്ളിവാസൽ	- 5 മെ.വാ. X 1 എണ്ണം
2) പള്ളിവാസൽ	- 7.5 മെ.വാ. X 1 എണ്ണം
3) പെരിങ്ങൽകുത്ത്	- 8 മെ.വാ. X 1 എണ്ണം
4) ചെങ്കുളം	- 12 മെ.വാ. X 1 എണ്ണം
5) മാട്ടുപ്പെട്ടി	- 2 മെ.വാ. X 1 എണ്ണം
6) മലമ്പുഴ	- 2.5 മെ.വാ. X 1 എണ്ണം

ഇതു കൂടാതെ ഇടുക്കി പദ്ധതിയിലെ 130 മെഗാവാട്ടിന്റെ ഒരു ജനറേറ്ററും, ശബരിഗിരിയിലെ 50 മെഗാവാട്ടിന്റെ 1 ജനറേറ്ററും വാർഷിക അറ്റകുറ്റപ്പണികൾക്കായി നിറുത്തിയിട്ടിരിക്കുകയാണ്.

88 (997) ജലവൈദ്യുത പദ്ധതികൾ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :
<u>ശ്രീ. ജോർജ്ജ്. ജെ. മാത്യു</u> :
<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീ. പാലോട് രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനയുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

89 (998) ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് ടൂറിസം പദ്ധതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ആരംഭിക്കാൻ ലക്ഷ്യമിട്ട ഹൈഡൽ ടൂറിസം പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഇതുവരെ പ്രവേശനം നിഷേധിച്ചിരുന്ന അണക്കെട്ടുകളും തടാകങ്ങളും പവർ ഹൗസുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരികൾക്കായി തുറന്നുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പദ്ധതികളെ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 25-22-1999-ലെ ബോർഡ് ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി. ടൂറിസം വികസിപ്പിക്കുന്നതിന് വേണ്ടി തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കാൻ ആക്ട് അനുസരിച്ച്, കേരളാ ഹൈഡൽ ടൂറിസം സെന്റർ (കെ.എച്ച്.റ്റി.സി.) എന്ന സംഘം 1-12-1999-ൽ റ്റി-1911/1999 ആയി രജിസ്റ്റർ ചെയ്തു. ഇതിന്റെ പ്രാരംഭ നടപടികൾക്കായി ബോർഡ് 10 ലക്ഷം രൂപ വായ്പയായി സംഘത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ സജ്ജമാക്കിക്കൊണ്ട് തടാകങ്ങൾ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ പദ്ധതി പ്രദേശങ്ങളിലാണ് ടൂറിസം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

90 (999) പുതിയ വൈദ്യുതി ഡിവിഷൻ ഓഫീസുകൾ

ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേരളത്തിലെ ഏറ്റവും വിസ്തൃതിയുള്ള റാന്നി താലൂക്ക് കേന്ദ്രീകരിച്ച് ഡിവിഷൻ ആരംഭിക്കാതിരുന്നതുമൂലം ഈ മേഖലയിലെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly